● എസ് ഡി പി ഐ കോഴിക്കോട് ജില്ല കമ്മിറ്റി കലക്ടറേറ്റ് കവാടത്തിൽ സംഘടിപ്പിച്ച സത്യഗ്രഹം സംസ്ഥാന പ്രവർത്തക സമിതി അംഗം മുസ്തഫ പാലേരി ഉദ്ഘാടനം ചെയ്യുന്നു.

പ്ലസ് വൺ പഠനം: കലക്ടറേറ്റ് കവാടത്തിൽ എസ് ഡി പി ഐ സത്യഗ്രഹം സംഘടിപ്പിച്ചു

കോഴിക്കോട് : കോഴിക്കോട് ജില്ലയിൽ എസ് എസ് എൽ സി പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർ പഠനത്തിന് ആവശ്യമായ സൗകര്യം ഒരുക്കണമെന്നാവശ്യപ്പെട്ടു എസ് ഡി പി ഐ കോഴിക്കോട് ജില്ല കമ്മിറ്റി കലക്ടറേറ്റ് കവാടത്തിൽ സത്യഗ്രഹം സംഘടിപ്പിച്ചു. സംസ്ഥാന പ്രവർത്തക സമിതി അംഗം മുസ്തഫ പാലേരി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികളെ പ്ലസ് വൺ പഠനത്തിന് സ്വകാര്യ സ്ഥാപനങ്ങളിലേക്ക് തള്ളിവിടുന്ന സമീപനം സർക്കാർ അവസാനിപ്പിക്കണം. മാറി മാറി വന്ന സർക്കാറുകൾ മലബാറിലെ വിദ്യാർത്ഥികളെ അവഗണിക്കുകയാണെന്നും അവരുടെ കണ്ണീര് കാണാൻ തയ്യാറാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് മുസ്തഫ കൊമ്മേരി അധ്യക്ഷത വഹിച്ചു. എസ്ഡി ടി യു സംസ്ഥാന പ്രസിഡണ്ട് എ വാസു സമരാംഗ ങ്ങൾക്ക് ഷാൾ അണിയിച്ചു സമരത്തെ അഭിവാദ്യം ചെയ്തു. എസ്ഡിപിഐ കോഴിക്കോട് ജില്ലാ വൈസ് പ്രസിഡണ്ട് വാഹിദ് ചെറുവറ്റ, ജനറൽ സെക്രട്ടറി എൻ കെ റഷീദ് ഉമരി, ജില്ലാ സെക്രട്ടറിമാരായ പി ടി അഹമ്മദ്, റഹ്മത്ത് നെല്ലുളി, കെ ഷമീർ, മുനീബ് എലങ്കമൽ (ഫ്രറ്റേണിറ്റി മൂവ്മെന്റ്), ഹുസൈൻ മണക്കടവ് (എസ് ഡി ടി യു), ഷബ്ന തച്ചംപൊയിൽ (വിമൺ ഇന്ത്യാ മൂവ്മെന്റ്), പിപി റൈഹാനത്ത് (പ്രത്യാശ), എസ്ഡിപിഐ ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളായ പി ടി അബ്ദുൽ ഖയ്യൂം, പി പി ശറഫുദ്ധീൻ, ജില്ലാ പ്രവർത്തക സമിതി അംഗങ്ങളായ ബാലൻ നടുവണ്ണൂർ, എം അഹമ്മദ് മാസ്റ്റർ, ടിപി മുഹമ്മദ്, മണ്ഡലം ഭാരവാഹികളായ റസാഖ് ചക്കേരി, ഹമീദ് എടവരാട്, യൂസുഫ് ടി പി, ജെ പി അബൂബക്കർ, ഷാനവാസ് മാത്തോട്ടം, സിപി ഷമീർ, റസാഖ് ഇ പി, അഷ്റഫ് കുട്ടിമോൻ, സാലിം പുനത്തിൽ (അഴിയൂർ വാർഡ് മെമ്പർ) സംസാരിച്ചു.

ആരോഗ്യ സുരക്ഷ പദ്ധതിയുമായി കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

കുറ്റ്യാടി: ആരോഗ്യ ശുചിത്വ പരിപാലനത്തിന് സമഗ്ര പദ്ധതിയുമായി കുറ്റ്യാടി ഗ്രാമപഞ്ചായത്ത്. രോഗ പ്രതിരോധം, ജീവിത ശൈലി രോഗനിയന്ത്രണം, പാലിയേറ്റീവ് പരിചരണം, ജീവൻ സുരക്ഷാ പരിശീലനം, ലഹരി വിരുദ്ധ പ്രചരണം, മാലിന്യ സംസ്കരണവും ശുചിത്വ പരിപാലനവും തുടങ്ങി ആരോഗ്യ സംരക്ഷണ മേഖലയിലെ സമഗ്ര പദ്ധതിക്കാണ് ഗ്രാമപഞ്ചായത്തും ആരോഗ്യ വകുപ്പും ചേർന്ന് രൂപം നൽകിയത്.

പദ്ധതിയുടെ സംഘാടക സമിതി രൂപവൽക്കരണ യോഗം ഗവ. താലൂക്ക് ആശുപത്രി ഡോക്ടർ ഷാജഹാൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ.ടി. നഫീസ അധ്യക്ഷത വഹിച്ചു. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ സബിനാ മോഹൻ, ശിശുരോഗ വിദഗ്ധ ഡോ. സിന്ധു, ഹെൽത്ത് ഇൻസ്പക്ടർ ഗോപകുമാർ എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡന്റ് ടി. കെ. മോഹൻദാസ് സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി ഒ. ബാബു നന്ദിയും പറഞ്ഞു.

എരഞ്ഞിപ്പാലത്ത് കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികൾ വീണ്ടും സമരത്തിന്

●18 വർഷങ്ങൾ കഴിഞ്ഞിട്ടും പുനരധിവാസമില്ല

കോഴിക്കോട്: റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട എരഞ്ഞിപ്പാലത്തെ വ്യാപാരികൾ വീണ്ടും പ്രത്യക്ഷ സമരത്തിന്. മുൻപ് വ്യാപാരികൾക്ക് നൽകിയ കരാറുകളൊന്നും18 വർഷങ്ങൾ കഴിഞ്ഞിട്ടും നടപ്പാക്കാൻ കഴിയാത്തതിൽ പ്രതിഷേധിച്ചാണ് സമരം നടത്തുന്നതെന്ന് എരഞ്ഞിപ്പാലം കടമൊഴിപ്പിക്കൽ സംരക്ഷണ സമിതി ചെയർമാൻ കുന്നോത്ത് അബൂബക്കർ പറഞ്ഞു. ഇന്ന് രാവിലെ പത്തിന് കോഴിക്കോട് സിവിൽ സ്റ്റേഷന് മുമ്പിൽ ധർണ്ണാ സമരം നടത്തും. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ നേതാക്കൾ പ്രസംഗിക്കും.

2005ൽ മാനാഞ്ചിറ-വെള്ളിമാട് റോഡ് വികസനത്തിന് എരഞ്ഞിപ്പാലത്ത് ഒഴിപ്പിക്കപ്പെട്ട 100ൽ പരം കച്ചവടക്കാരിൽ ഭാഗികമായി നിലനിർത്തിയ കച്ചവടക്കാർ ഒഴികെ പരിപൂർണ്ണമായി ഒഴിപ്പിക്കപ്പെട്ട 40ൽ പരം കച്ചവടക്കാർക്ക് അന്നത്തെ പി.ഡബ്ല്യു.ഡി. മന്ത്രിയുമായുണ്ടാക്കിയിരുന്ന കരാർ പ്രകാരമുള്ള പുനരധിവാസത്തിന് സിവിൽ സ്റ്റേഷന്റെ എതിർവശത്തെ ആശ്വാസ കേന്ദ്രം വളപ്പിൽ കെട്ടിടത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നതാണ് പ്രധാന ആവശ്യം.

നീണ്ട 18 വർഷങ്ങൾ കഴിഞ്ഞിട്ടും നിരന്തരമായി നിവേദനങ്ങളിലൂടെയും വകുപ്പു മന്ത്രിമാരേയും ജില്ലാ കലക്ടർമാരേയും എൽ.എൽ.എമാരേയും നേരിട്ട് കണ്ടിട്ടും പുനരധിവാസം നടപ്പായില്ലെന്നും വ്യാപാരികൾ. പുനരധിവാസ പ്രവർത്തികൾ തുടങ്ങുന്നതിനു പകരം ഭാഗികമായി നിലനിർത്തിയ കെട്ടിടങ്ങളിൽ കച്ചവടം ചെയ്യുന്നവരെ പോലും 2005 ലെ കരാർ മുഖവിലക്കെടുക്കാതെ മാനുഷിക പരിഗണന പോലും നൽകാതെ വീണ്ടും ഒഴിപ്പിക്കാൻ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ശ്രമിക്കുകയാണെന്നും എരഞ്ഞിപ്പാലം കടമൊഴിപ്പിക്കൽ സംരക്ഷണ സമിതി ആരോപിച്ചു.

ഭാഗികമായി നിലനിർത്തിയ ഒരു കട പൊളിക്കാൻ കഴിഞ്ഞ ദിവസം തഹസിൽദാർ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് ആ വ്യാപാരി ഹൈകോടതിയെ സമീപിച്ച് സ്റ്റേ നേടിയിരിക്കുകയാണ്. മറ്റു മാർഞ്ജങ്ങളില്ലാതെ കിടപ്പാടങ്ങളുടെ ഈടുകൾ നൽകി ലക്ഷക്കണക്കിന് രൂപ ബാങ്കുകളിൽ നിന്നും മറ്റും ലോണെടുത്തു സ്വയം തൊഴിൽ കണ്ടെത്തിയവരെ കരാർ പ്രകാരമുള്ള പുനരധിവാസം പോലും നൽകാതെ തെരുവിലേക്കെറിയപ്പെടുന്നത് അനീതിയാണെന്നും ഭാരവാഹികൾ.

പുനരധിവാസ സംവിധാനമൊരുക്കുന്നതുവരെ ഭാഗികമായി നിലനിർത്തിയ കെട്ടിടങ്ങളിൽ കച്ചവടം ചെയ്യുന്നവരെ തുടരാൻ അനുവദിക്കണമെന്നും എരഞ്ഞിപ്പാലം കട ഒഴിപ്പിക്കൽ സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

അശാസ്ത്രീയമായ കെട്ടിടനികുതി പരിഷ്കരണം പിൻവലിക്കണം

കോഴിക്കോട്: വർധിപ്പിച്ച കെട്ടിട നികുതി, പെർമിറ്റ് ഫീസ്, ആഢംബര നികുതി എന്നിവയുടെ കുത്തനെയുള്ള വർധനവ് പിൻവലിക്കണമെന്ന് കേരള ബിൽഡിങ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ കോഴിക്കോട് ജില്ലാ പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു.

പരിഷ്കരിച്ച കെട്ടിട വാടക നിയമം ഉടൻ പാസ്സാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന വർക്കിങ് പ്രസിഡന്റ് ഫാറൂഖ് കാഞ്ഞങ്ങാട് ഉദ്ഘാടനം ചെയ്തു. അഡ്വ. ജനിൽ കോൺ പരിഷ്കരിച്ച കെട്ടിട വാടക നിയമത്തെക്കുറിച്ച് ക്ലാസെടുത്തു. ജില്ലാ ആക്റ്റിങ് പ്രസിഡന്റ് പി.എം. കരയത് ഹമീദ് ഹാജി അധ്യക്ഷത വഹിച്ചു. ഭാരവാഹികളായി കരയത് ഹമീദ് ഹാജി (പ്രസിഡന്റ്), കല്ലട മുഹമ്മദലി (ജനറൽ സെക്രട്ടറി), പി.കെ. ഫൈസൽ (ട്രഷറർ), മുഹമ്മദ് പുത്തൂർമഠം, പി. ചന്ദ്രൻ, സുനിൽ ജോർജ്, ടി. മുഹമ്മദ് ഹാജി, കാട്ടിൽ റസാഖ് (വൈസ് പ്രസിഡന്റുമാർ), ടി. അനിൽകുമാർ, അക്ബർ കാരശ്ശേരി, രവീന്ദ്രൻ പടയംകണ്ടി (സെക്രട്ടറി), അഡ്വ. ജനിൽ ജോൺ (ലീഗൽ അഡ്വൈസർ) എന്നിവരെ തെരഞ്ഞെടുത്തു.

ആർ.പി.എഫിന്റെ ഇടപെടൽ, പ്ലാറ്റ്ഫോമിൽ മറന്ന സ്വർണാഭരണം അടങ്ങിയ ബാഗ് തിരികെ കിട്ടി

വടകര: പ്ലാറ്റ്ഫോമിൽ വെച്ചുമറന്ന സ്വർണാഭരണങ്ങൾ അടങ്ങിയ ബാഗ് ആർ.പി.എഫ്. സഹായത്താൽ ഉടമക്ക് തിരിച്ചു കിട്ടി. കഴിഞ്ഞ ദിവസം രാവിലെ ജനശതാബ്ദി എക്സ്പ്രസിൽ കയറാനെത്തിയ കുടുംബമാണ് വിലപിടിപ്പുള്ള സാധനങ്ങളടങ്ങിയ ബാഗ് വടകര റെയിൽവെ സ്റ്റേഷനിൽ ഒന്നാം പ്ലാറ്റ്ഫോമിലെ ഇരിപ്പിടത്തിൽ വെച്ചുമറന്നത്.

ട്രെയിൻ തിരൂരിൽ എത്തിയപ്പോഴാണ് കൈയിൽ ബാഗില്ലെന്ന് അറിയുന്നത്. ഉടൻ റെയിൽവെ അധികൃതരുടെ സഹായം തേടുകയായിരുന്നു. അപ്പോഴേക്കും വടകര ആർ.പി.എഫിലെ ഉദ്യോഗസ്ഥർ പ്ലാറ്റ്ഫോമിലെ പരിശോധനക്കിടയിൽ ആളില്ലാത്ത നിലയിൽ കണ്ട ബാഗ് ഓഫീസിലേക്ക് മാറ്റിയിരുന്നു. വില്യാപ്പള്ളി കുറ്റിപുനത്തിൽ കെ. പി. നൗഷാദിന്റെ കുടുംബത്തിന്റേതാണ് സ്വർണാഭരണങ്ങൾ അടങ്ങിയ ബാഗ്.

തെളിവുസഹിതം എത്തിയ നൗഷാദ് ആർ.പി.എഫ്. ഉദ്യോഗസ്ഥരിൽ നിന്ന് ബാഗ് ഏറ്റുവാങ്ങി. അഞ്ച് പവൻ സ്വർണം, സ്മാർട്ട് വാച്ച്, രണ്ട് മൊബൈൽ ഫോൺ, കറൻസി എന്നിവയാണ് ബാഗിൽ ഉണ്ടായിരുന്നത്. കായംകുളത്തേക്ക് പോകാനെത്തിയപ്പോഴാണ് ബാഗ് പ്ലാറ്റ്ഫോമിൽ മറന്നത്.

● വടകര റെയിൽവെ സ്റ്റേഷനിൽ ഒന്നാം പ്ലാറ്റ്ഫോമിൽ മറന്ന് വെച്ച ബാഗ് ആർ.പി.എഫ്. ഉടമയ്ക്ക് കൈമാറുന്നു

● മുള്ളൻ കുന്നിൽ നടന്ന സ്വീകരണ യോഗത്തിൽ ഷാഫി പറമ്പിൽ സംസാരിക്കുന്നു.

മലയോര കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കും: ഷാഫി പറമ്പിൽ എം.പി.

കുറ്റ്യാടി: മലയോരകർഷകർ നേരിടുന്ന വിവിധപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കേന്ദ്ര കേരള സർക്കാറുകൾ തയ്യാറാവണമെന്ന് ഷാഫിപറമ്പിൽ എം. പി. മലയോര മേഖലയിലെ കർഷക സമൂഹം വളരെ മോശമായ അവസ്ഥയിലേക്ക് നീങ്ങുകയാണെന്നും മരുതോങ്കര, കാവിലുംപാറ, ദേവർ കോവിൽ കായക്കൊടി, മുള്ളമ്പത്ത് തുടങ്ങിയ കേന്ദ്രങ്ങളിൽ നൽകിയ സ്വീകരണ യോഗങ്ങളിൽ അദ്ദേഹം പറഞ്ഞു.

കാർഷിക ഉത്പന്നങ്ങൾക്ക് വിലയിടിവ്, വന്യമൃഗങ്ങളുടെ ആക്രമണം, കർഷകരുടെമേൽ ചുമത്തുന്ന നികുതി തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഒരു ഇടപെടലും ഉണ്ടാകുന്നില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സമയോചിതമായ ഇടപെടൽ ഉണ്ടാകുമെന്നും വിഷയം പാർലമെന്റിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര- കേരള സർക്കാറുകളിൽ ശക്തമായി സമ്മർദ്ദം ചെലുത്തുമെന്നും ഷാഫിപറമ്പിൽ പറഞ്ഞു. വിവിധ കേന്ദ്രങ്ങളിൽ നടന്ന സ്വീകരണ യോഗങ്ങളിൽ, സൂപ്പി നരിക്കാട്ടേരി, എ. സജീവൻ, കെ.ടി. ജയിംസ്, എം.പി. ജാഫർ, പി.എം. ജോർജ്ജ്, ജോൺ പൂതക്കുഴി, ജമാൽ കോരങ്കോട്, ടി.പി. ആലി, ശ്രീധരൻ കക്കട്ടിൽ, കെ.പി. രാജൻ, കെ.പി. ഷംസീർ, മാക്കൂൽ കേളപ്പൻ, കെ.സി. ബാലകൃഷ്ണൻ, ഒ.ടി. ഷാജി, സുരേഷ് കുരാറ, സി.വി. അജയൻ, പപ്പൻ തൊട്ടിൽ പാലം, വി. സൂപ്പി, ശ്രീധരൻ വാളക്കയം, കോരങ്ങോട് മൊയ്തു, കെ.പി. ബിജു, ഒ.പി. മനോജ്, പി.പി. മൊയ്തു, ഇ. ലോഹിതാക്ഷൻ, ഒ. രവീന്ദ്രൻ, ആർ. സജീവൻ, വി.പി. കുഞ്ഞബ്ദുള്ള, ഇ. അബ്ദുൾ അസീസ്, ടി.പി. മൊയ്തു,

സജിഷ എടക്കുടി, കെ.പി. കുഞ്ഞമ്മദ്, എം. കുഞ്ഞിക്കണ്ണൻ, സി.കെ. നാണു, എൻ. ഹമീദ്, കെ.എം. ഹമീദ്, എൻ.കെ. മൂസ, പി.കെ. പ്രസാദ്, പാലോൽ കുഞ്ഞമ്മദ്, എന്നിവർ സംസാരിച്ചു.

വയോജന സൗഹൃദ ശിൽപശാല

നാദാപുരം: കോഴിക്കോട് ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന വയോജന സൗഹൃദ പദ്ധതിയുടെ ഭാഗമായി കുന്നുമ്മൽ, തൂണേരി ബ്ലോക് പഞ്ചായത്ത് പരിധിയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കോഴിക്കോഴ് ജില്ലാപഞ്ചായത്തും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും സംഘടിപ്പിച്ച ശിൽപശാല അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് വി.വി. മുഹമ്മദലി ഉദ്ഘാടനം ചെയ്തു. തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുധസത്യൻ അധ്യക്ഷത വഹിച്ചു. കുന്നുമ്മൽ ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ചന്ദ്രി, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ പി. സുരേന്ദ്രൻ, കെ.ജി.പി.എ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. മദൻമോഹനൻ, ടി. ദീപു തുടങ്ങിയവർ പ്രസംഗിച്ചു.

അധ്യാപക ഒഴിവ്

നാദാപുരം: ജി.എസ്.ടി.എസ്. തിനൂര് (മുള്ളമ്പത്ത്) എൽ.പി. സ്കൂൾ ടീച്ചേഴ്സ് തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം 15ന് തിങ്കളാഴ്ച 11 മണിക്ക് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് പ്രധാനധ്യാപകൻ അറിയിച്ചു.

ലോക ജനസംഖ്യാ ദിനം-2024 ജില്ലാതല ഉദ്ഘാടനം 11 ന്

കോഴിക്കോട്: അമ്മയുടെയും കുഞ്ഞിന്റെയും ക്ഷേമത്തിനായി ഗർഭധാരണത്തിന്റെ സമയവും ഇടവേളയും ഉചിതമായി ക്രമീകരിക്കേണ്ടതാണ് എന്ന സന്ദേശത്തോടെ, ലോക ജനസംഖ്യ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം, ജില്ലാ ആരോഗ്യവകുപ്പിന്റെയും ആരോഗ്യകേരളത്തിന്റെയും താമരശ്ശേരി കോരങ്ങാട് ഐ.എച്ച്.ആർ.ഡി. കോളജിന്റെയും സംയുക്ത നേതൃത്വത്തിൽ, ജൂലൈ 11ന് രാവിലെ 10.30ന് നടക്കും. കോരങ്ങാട് ഐ.എച്ച്.ആർ.ഡി. കോളജിൽ നടക്കുന്ന പരിപാടി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഷ്റഫ് മാസ്റ്റർ ഉദ്ഘാടനം ചെയ്യും. ജില്ലാ റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് ഓഫീസർ ഡോ. സച്ചിൻ ബാബു വിഷയാവതരണം നടത്തും.

ഓൾ കേരള ആന്റി കറപ്ഷൻ ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ സംസ്ഥാന കൺവൻഷൻ 13ന്

കോഴിക്കോട്: ഓൾ കേരള ആന്റി കറപ്ഷൻ ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ (എ.സി.എച്ച്.ആർ.പി.സി.) സംസ്ഥാന കൺവൻഷൻ 13ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കേരള സ്റ്റേറ്റ് ഹ്യൂമൺ റൈറ്റ്സ് കമ്മീഷൻ ചെയർമാൻ കെ. ബൈജുനാഥ് ഉദ്ഘാടനം ചെയ്യും.

വിജിലൻസ് ഡി.വൈ.എസ്.പി. ഇ. സുനിൽകുമാർ മുഖ്യപ്രഭാഷണം നടത്തും. 102 വയസ് പൂർത്തീകരിച്ച പൊതുപ്രവർത്തകൻ സോഷ്യോ വാസുവിനെ ചടങ്ങിൽ ആദരിക്കും. കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഐസക് വർഗീസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. വാർത്താസമ്മേളനത്തിൽ എ.സി.എച്ച്.ആർ.പി.സി. ജില്ലാ പ്രസിഡന്റ് ഷറീന ഷെറിൻ, ജനറൽസെക്രട്ടറി ശൈലേഷ്, കെ.എം.എ. നാസർ, സി.എൻ. അബൂബക്കർ, അഡ്വ. മിനി ദിനേശ് എന്നിവരും പങ്കെടുത്തു.

ഗ്രീൻഫീൽഡ് ഹൈവേ; നഷ്ടപരിഹാരം ലഭിച്ചവരുടെ ഹിയറിംഗ് 11, 12 തിയ്യതികളിൽ

കോഴിക്കോട്: കോഴിക്കോട്- പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ 966നായുള്ള - ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പെരുമണ്ണ, ഒളവണ്ണ വില്ലേജുകളിൽപ്പെട്ട നഷ്ടപരിഹാരം ലഭിച്ച വ്യക്തികളുടെ മാത്രം വിചാരണ ജൂലൈ 11, 12 തിയ്യതികളിൽ രാവിലെ 11 മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയിൽ ജില്ലാ കലക്ടറുടെ ചേമ്പറിൽ നടക്കും.

ഇതുമായി ബന്ധപ്പെട്ട് കക്ഷികൾക്ക് ഹാജരാകാനുള്ള നോട്ടീസ് വില്ലേജ് ഓഫീസർമാർ മുഖാന്തിരം നൽകിയിട്ടുണ്ട്. നോട്ടീസ് ലഭിക്കാത്തവർ ഇത് ഒരു അറിയിപ്പായി കണ്ട് അന്നേ ദിവസം ഹജരാകണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

മയക്കുമരുന്ന് കൈവശം വെച്ച കേസ്; പത്ത് വർഷം കഠിനതടവ്

വടകര: മയക്കുമരുന്നുമായി പിടിയിലായ യുവാവിന് 10 വർഷം കഠിന തടവും, ഒരു ലക്ഷം രൂപ പിഴയും ശിക്ഷവിധിച്ചു. കോഴിക്കോട് പുതിയങ്ങാടി പള്ളിക്കണ്ടി അഷറഫിനെ (31) നെയാണ് വടകര എൻ. ഡി.പി. എന്ന് ജഡ്ജ് വി.സി. ബിജു ശിക്ഷിച്ചത്. 2023 ജനവരി 12ന് കോഴിക്കോട് ബീച്ച് - പുതിയാപ്പേറോഡിൽ വെച്ച് 163.58 ഗ്രാം മെത്ത ഫിറ്റമിനുമായി എക്സ് സൈസ് സംഘമാണ് പിടി കൂടിയത്.

നടുറോഡിൽ വാരിക്കുഴി, യാത്രക്കാർക്ക് ഭീഷണി

വടകര: നടുറോഡിൽ രൂപപ്പെട്ട വാരിക്കുഴി യാത്രക്കാർക്കും, വാഹനമോടിക്കുന്നവർക്കും ഭീഷണിയായി. കുളങ്ങരത്ത്-അരൂർ റോഡിൽ നടേമ്മലിനും ആശുപത്രി ജംങ്ഷനുമിടയിലാണ് നടുറോഡിൽ വൻ കുഴി രൂപപ്പെട്ത്. നിരവധി ബൈക്കുകാർ കുഴിയിൽ വീണ് പരുക്ക് പറ്റിയിട്ടുണ്ട്. രണ്ട് ഭാഗത്തും ജലമിഷന് പൈപ്പിടാൻ ചാലുകൾ കീറിയതിനാൽ വലിയ വാഹനങ്ങൾക്ക് വഴി മാറി കൊടുക്കാനും കഴിയുന്നില്ല. തുടർച്ചയായ ദിവസങ്ങളിൽ അപകടകരമായ രീതിയിലാണ് വാഹനങ്ങൾ ചാലുകളിൽ താഴുന്നത്.

എയർ ഇന്ത്യാ എക്സ്പ്രസ് സർവീസുകൾ പെട്ടെന്ന് റദ്ദു ചെയ്യുന്നത് അവസാനിപ്പിക്കണം: കാലിക്കറ്റ് എയർപോർട്ട് കമ്മിറ്റി

കോഴിക്കോട്: മുന്നറിയിപ്പില്ലാതെ കോഴിക്കോട് വിമാനത്താവളത്തിൽ നിന്നുള്ള എയർ ഇന്ത്യാ എക്സ്പ്രസ്സ് സർവീസുകൾ പെട്ടെന്ന് റദ്ദു ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് മലബാർ ചേംബർ ഓഫ് കോമേഴ്സിൽ ചേർന്ന കാലിക്കറ്റ് എയർപോർട്ട് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

പെട്ടെന്നുള്ള സർവീസ് റദ്ദാക്കൽ വിദേശമലയാളികളുടെ ജോലിയെ അടക്കം ബാധിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തുന്നത് ഏറെ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്നും ഇക്കാര്യത്തിലും കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര സർവീസുകളുടെ എണ്ണം കൂട്ടണമെന്നഭ്യർഥിക്കുവാനുമായി കമ്മിറ്റി ഭാരവാഹികൾ എയർ ഇന്ത്യയുടെ ബംഗളൂരു റീജ്യണൽ ഓഫീസ് സന്ദർശിച്ചു നിവേദനം നല്കുവാനും തീരുമാനിച്ചു.

കൂടാതെ കരിപ്പൂരിൽ നിന്നും ആഭ്യന്തര സർവീസ് നടത്തുന്ന മറ്റു സ്വകാര്യ എയർ ലൈനുകളുടെ റീജ്യണൽ അധികാരികളെയും കണ്ട് കൂടുതൽ സർവീസുകൾ ആരംഭിക്കുവാൻ സമ്മർദം ചെലുത്തുവാനും യോഗം തീരുമാനിച്ചു.

ഇതേ പോലെ ഗ്രീൻ ഫീൽഡ് ഹൈവേയുമായി കരിപ്പൂർ എയർപോർട്ടിനെ ബന്ധപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ത്വരിതപ്പെടുത്തണമെന്നും യോഗം കേന്ദ്ര- സംസ്ഥാന അധികാരികളോടാവശ്യപ്പെട്ടു. യോഗത്തിൽ കമ്മിറ്റി ചെയർമാൻ അലോക് കുമാർ സാബു അധ്യക്ഷത വഹിച്ചു.

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ം നില, ടവർ എ, പെന്റിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, വല്ലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ച സ്ഥാവര ആസ്തികൾ വിൽക്കുന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പറയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് **ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ),** അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ **29-07-2024** ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമ